<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2998**</u> <u>**07-10-2025 - ൽ മറുപടിയ്ക്ക്**</u>

<u>**വനം വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിലെ ഇൻക്രിമെന്റും സമയബന്ധിത ഹയർ ഗ്രേഡും**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ താല്ക്കാലികമായി ഇരുപത് വർഷം ജോലി ചെയ്യുകയും സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയതുമായ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റും എട്ട് വർഷം സർവീസ് പൂർത്തിയാക്കുമ്പോൾ ലഭിക്കേണ്ട സമയബന്ധിത ഹയർ ഗ്രേഡും നൽകുന്നതിന് വകുപ്പ് വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടിരിക്കുന്ന ജീവനക്കാർ, സർവീസിൽ നിന്നും വിരമിക്കുന്നതോടെ, ആ തസ്തികകൾ നിർത്തലാക്കപ്പെടുമെന്ന വ്യവസ്ഥയിലാണ് ഇവരുടെ നിയമനം നടത്തിയിട്ടുള്ളത്. ആയതിനാൽ, ഇവരുടെ നിയമനം ക്രമീകരിക്കാനോ, പ്രൊബേഷൻ പൂർത്തീകരിക്കാനോ, ഗ്രേഡ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കാനോ നിലവിൽ വ്യവസ്ഥയില്ല. പ്രസ്തുത വിവരം, ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം 17-03-2023-ലെ ഇ1-788/2023 നമ്പർ കത്ത് പ്രകാരം ബന്ധപ്പെട്ട നിയമനാധികാരികളെ അറിയിച്ചിട്ടുണ്ട്. OA(EKM) 646/2023 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23-06-2023-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി പുറപ്പെടുവിച്ച 23-03-2024-ലെ സ.ഉ (സാധാ) നം.160/2024/വനം ഉത്തരവിലും, ആനുകൂല്യങ്ങൾ അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ലെന്ന കാര്യം വ്യക്തമാക്കിയിട്ടുണ്ട്. സമാനമായ രീതിയിൽ, വനം - വന്യജീവി വകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് സ്ഥിരനിയമനം നൽകിയ ജീവനക്കാരുടെ സേവനവ്യവസ്ഥകൾ നിർണയിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ